# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. T4984 21/10/2011-ൽ മറുപടിക്ക്

### ന്യൂനപക്ഷ വികസന പദ്ധതി

**ചോദ്യം** **ഉത്തരം**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ന്യൂനപക്ഷ വികസന പദ്ധതിയുടെ കീഴിൽ സ്കൂളുകളിലെ ലബോറട്ടറികൾ ഉൾപ്പെടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) കേന്ദ്ര ഗവൺമെന്റിന്റെ ന്യൂനപക്ഷ കാര്യ മന്ത്രാലയം രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട 90 ജില്ലകളിൽ MSDP എന്ന പേരിൽ നടപ്പാക്കി വരുന്ന, അടിസ്ഥാന മേഖലകളിലെ ആസ്തികളുടെ നിർമ്മാണത്തിലൂടെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരെ ദേശീയ ശരാശരിയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ബൃഹത് പദ്ധതി, കേരളത്തിലെ വയനാട് ജില്ലയിൽ നടപ്പാക്കിവരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിലെ 23 സർക്കാർ സ്കൂളുകൾക്ക് 38 അധിക ക്ലാസ്സ് മുറികളും ആധുനിക ലബോറട്ടറി സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് 349.98 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. 65:35 എന്ന അനുപാതത്തിൽ |

| | |
|---|---|
| | കേന്ദ്രവും സംസ്ഥാനവും ധനവിനിയോഗം നടത്തേണ്ട പദ്ധതിക്ക് 227.49 ലക്ഷം രൂപയാണ് കേന്ദ്രധന സഹായമായി ലഭിക്കുക. അതിൽ 113.74 ലക്ഷം രൂപ ആദ്യഗഡുവായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ടി പ്രോജക്ട് പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ഡെപ്യൂട്ടി ഡയറക്ടർ, എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, വയനാട്-നെ നോഡൽ ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയിൽ സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ? | (സി) MSDP നടപ്പിലാക്കി വരുന്ന ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിൽപ്പെട്ട സർക്കാർ സ്കൂളുകളിലെ ശോച്യാവസ്ഥ മാനദണ്ഡമാക്കി ജില്ലാ ഭരണകൂടവും വിദ്യാഭ്യാസ വകുപ്പും ചേർന്നാണ് സ്കൂളുകളെ തെരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ.